LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്റ്റംബർ 9, തിങ്കൾ

വാല്യം LXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 1985 സെപ്റ്റംബർ 9-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

പഞ്ചായത്ത് വാർഡു വിഭജനം

* 52 [93] ശ്രീ. കെ.ടി. കണാരൻ:
,, കെ.പി. സുരേന്ദ്രനാഥ്:
,, കാനം രാജേന്ദ്രൻ:
,, കെ.ടി. കുമാരൻ:
,, കെ.പി. രാമൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പുതിയ സെൻസസ് അനുസരിച്ച് വോട്ടേഴ്സ് ലിസ്റ്റ് പുതുക്കാനും അതോടൊപ്പം വാർഡുവിഭജനം നടത്തുവാനുമുള്ള നടപടികൾ എത്രകണ്ടു പുരോഗമിച്ചു;

(ബി) ഈ നടപടികൾ എപ്പോൾ പൂർത്തിയാകും എന്നു വ്യക്തമാക്കുമോ;

(സി) വാർഡുവിഭജനത്തെ സംബന്ധിച്ച എത്ര അപ്പീലുകൾ തീർപ്പുകൽപ്പിക്കാതെ ഗവൺമെൻറിന്റെ മുന്നിലുണ്ട്;

(ഡി) പഞ്ചായത്തുകളിലെ വാർഡുവിഭജനത്തിലുണ്ടായ അപാകതകളിൻമേൽ ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി.എം. സുന്ദരം):

(എ) പഞ്ചായത്ത് തെരഞ്ഞെടുപ്പിനുവേണ്ടി 1981ലെ കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിലെ അംഗസംഖ്യ പുനർ നിർണ്ണയം നടത്തുകയും അതനുസരിച്ച് വാർഡ് വിഭജനം നടത്തുകയും ചെയ്തിട്ടുണ്ട്. 1.1.1985-ൽ 18 വയസ്സ് ആയവരെ ഉൾക്കൊള്ളിച്ചു കൊണ്ട് പുതിയ സമ്മതിദായക പട്ടിക തയ്യാറാക്കി ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് പരിശോധിച്ചതിനുശേഷം 15.4.1985-ൽ വോട്ടേഴ്സ് ലിസ്റ്റിന്റെ കൈയെഴുത്തു പ്രതി പ്രസിദ്ധം ചെയ്തിട്ടുണ്ട്. വാർഡ് വിഭജനം സംബന്ധിച്ച് ലഭിച്ചിട്ടുള്ള റിവിഷൻ ഹർജികളും പരിശോധിച്ച് തീർപ്പ് കൽപ്പിക്കാനായി പഞ്ചായത്ത് ഇലക്ഷൻ സ്പെഷ്യലാഫീസറെ നിയോഗിച്ചിട്ടുണ്ട്. ഈ റിവിഷൻ ഹർജികളും മുൻഗണനാക്രമത്തിൽ നേർവിചാരണ നടത്തി തീർപ്പ് കൽപ്പിച്ചുകൊണ്ടിരിക്കുകയാണ്.

മുനിസിപ്പാലിറ്റികളിൽ വാർഡ് വിഭജനത്തിന്റെ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവയിൽ ലഭിച്ച ആക്ഷേപങ്ങളിലും അഭിപ്രായങ്ങളിലും ഉള്ള - വിചാരണ നടന്നുവരുന്നു. ഈ നടപടിക്രമങ്ങളും പൂർത്തിയായി മുനിസിപ്പാലിറ്റികളുടെ വാർഡ് വിഭജനം സംബന്ധിച്ച് അന്തിമ വിജ്ഞാപനം ഉടനെ പ്രസിദ്ധീകരിക്കും. മുനിസിപ്പാലിറ്റികളുടെ കരട് വോട്ടർപട്ടിക അതാത് മുനിസിപ്പൽ കമ്മീഷണർമാർ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) വാർഡ് വിഭജനം സംബന്ധിച്ച റിവിഷൻ ഹർജികളിൻമേൽ തീരുമാനം എടുത്തതിനുശേഷം പൂർത്തിയാകും.

(സി) ആൻഡ് (ഡി) വാർഡ് വിഭജനം സംബന്ധിച്ച് ഗവൺമെൻറിന് ലഭിച്ചിട്ടുള്ള റിവിഷൻ ഹർജികളിൽ 14 എണ്ണം ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്തിരുന്നു. അവ കോടതി നിർദ്ദേശ പ്രകാരം സമയപരിധിക്കകത്ത് തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ 20 പഞ്ചായത്തുകളിലെ വാർഡ് വിഭജനം സംബന്ധിച്ച റിവിഷൻ ഹർജികളും നേർവിചാരണ നടത്തി തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഇനി 106 റിവിഷൻ ഹർജികളും തീർപ്പ് കൽപ്പിക്കാൻ ഗവൺമെൻറിന്റെ മുന്നിലുണ്ട്.

ഗവൺമെൻറിന് ലഭിച്ചിട്ടുള്ള പഞ്ചായത്തുകളിലെ വാർഡ് വിഭജനം സംബന്ധിച്ചുള്ള റിവിഷൻ ഹർജികളും തെരഞ്ഞെടുപ്പ് സ്പെഷ്യലാഫീസർ വിചാരണ നടത്തി തീർപ്പ് കൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഹൈക്കോടതിയിൽ ഒ.പി. ഫയൽ ചെയ്തിരുന്നവ കോടതി നിർദ്ദേശ പ്രകാരം സമയപരിധിക്കകത്ത് തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ 20 പഞ്ചായത്തുകളിൻമേലുള്ള ഹർജികളും മുൻഗണനാക്രമത്തിൽ നേർവിചാരണ നടത്തി തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 100-ൽ അധികം ഹർജികളിൻമേൽ നടപടികളും സ്വീകരിച്ചു വരുന്നു.

ശ്രീ. കെ.ടി. കണാരൻ: കേരളത്തിലെ പഞ്ചായത്ത്-മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ വോട്ടേഴ്സ് ലിസ്റ്റ് പുതുക്കൽ പരിപാടി നടത്തുന്നതും വാർഡ് വിഭജനം സംബന്ധിച്ചുള്ള ആക്ഷേപങ്ങളെ സംബന്ധിച്ച് തീർപ്പു കൽപ്പിക്കുന്നത് മരവിപ്പിച്ചതും ഈ സംസ്ഥാനത്ത് മറ്റൊരു നിയമസഭാ തെരഞ്ഞെടുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയതിനുശേഷം മാത്രമേ പഞ്ചായത്ത്—മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടക്കാനിടയുള്ളൂ എന്ന അഭിപ്രായം ഗവൺമെൻറിനുള്ളതുകൊണ്ടാണോ?

ശ്രീ. സി.എം. സുന്ദരം: അത് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമാണ്.

ശ്രീ. കെ.ടി. കണാരൻ: അങ്ങനെയുള്ള വാർഡ് വിഭജനത്തെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളിൽ ഇതുവരെ എത്ര ആക്ഷേപങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ശ്രീ. സി.എം. സുന്ദരം: അതിന് നോട്ടീസ് വേണം.

ശ്രീ. എ.സി. ഷൺമുഖദാസ്: നമ്മുടെ വികസന പ്രവർത്തനങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അപര്യാപ്തതമൂലം പരാജയപ്പെട്ടുപോകുന്നു. എന്നാൽ ശ്രീ. രാജീവ് ഗാന്ധിയുടെ നിർദ്ദേശപ്രകാരം കേന്ദ്രഗവൺമെൻറ് എല്ലാ സംസ്ഥാനങ്ങളിലും അടിയന്തിരമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് എന്ന് കേൾക്കുന്നു. അങ്ങനെ വല്ല നിർദ്ദേശവും ഈ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻെറ അടിസ്ഥാനത്തിൽ വാർഡ് വിഭജന തീരുമാനം എടുക്കാൻ ഉടൻ വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി.എം. സുന്ദരം: വാർഡ് വിഭജന പ്രവർത്തനങ്ങൾ കൈല്ലാം തന്നെ എത്രയും വേഗം നടപടികൾ നടന്നുവരുന്നുണ്ട്.

ശ്രീ. എ.സി. ഷൺമുഖദാസ്: ഞാൻ ചോദിച്ചത് പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് അടിയന്തിരമായി നടത്താൻ സംസ്ഥാന ഗവൺമെൻറിന് വല്ല നിർദ്ദേശവും തന്നിട്ടുണ്ടോ എന്നാണ്. അത്തരത്തിൽ ഉള്ള പത്രറിപ്പോർട്ട് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി.എം. സുന്ദരം: പ്രധാനമന്ത്രിയുടെ നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിശോധിച്ചിട്ടില്ല. അത് പരിശോധിക്കും. അതിൻെറ ആവശ്യപ്രകാരമുള്ള നടപടികൾ നോക്കാം.

ശ്രീ. കെ.സി. ജോസഫ്: ജനസംഖ്യയുടേയും വിസ്തീർണ്ണത്തിൻേറയും അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പുനർവിഭജിക്കാനുള്ള നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അത് ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

ശ്രീ. സി.എം. സുന്ദരം: പരിഗണനയിലില്ല.

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: വാർഡ് വിഭജനത്തെ സംബന്ധിച്ച എത്ര അപ്പീലുകൾ തീർപ്പുകൽപ്പിക്കാതെ ഗവൺമെൻറിൻെറ മുന്നിലുണ്ട് എന്നാണ് (സി) ചോദ്യം. അതിന് മന്ത്രി മറുപടി പറഞ്ഞില്ല. ആദ്യചോദ്യകർത്താവ് ശ്രീ. കെ.ടി. കണാരൻ സപ്ലിമെൻറാറി ചോദ്യം വീണ്ടും ചോദിച്ചപ്പോൾ നോട്ടീസ് വേണമെന്ന് പറഞ്ഞു. ഇതല്ലേ നോട്ടീസ്? ഇത് വേണ്ടത്ര ദിവസം മുൻപ് തന്നതല്ലേ? അതിൻെറ അർത്ഥം ഒന്നും ചെയ്യാതെ മരവിപ്പിച്ചുവെന്നാണ്. ഞാൻ ചോദ്യം

LIBRARY ARCHIVES Kerala Legislative Assembly

ആവർത്തിക്കുകയാണ്. എത്ര പരാതികൾ ഗവൺമെൻറിന്റെ കൈവശം ബാക്കിയുണ്ട്? തീർപ്പ് കൽപ്പിച്ചില്ലെങ്കിലും അത് ഒന്ന് എണ്ണിതിട്ടപ്പെടുത്തി നമ്പർ പറയാമോ?

ശ്രീ. സി.എം. സുന്ദരം: ചോദ്യം ഒന്നുകൂടി ആവർത്തിക്കണം.

മി. സ്പീക്കർ: (സി) ചോദ്യത്തിൽ വാർഡ് വിഭജനത്തെ സംബന്ധിച്ച് എത്ര പരാതികൾ തീർപ്പ് കൽപ്പിക്കാതെ ഗവൺമെൻറിന്റെ മുൻപിൽ ഉണ്ട് എന്നതിന് വളരെ മുൻപേ നോട്ടീസ് തന്നതാണ്. അങ്ങയെപ്പോലെയുള്ള മന്ത്രിമാർ ദയവായി ചോദ്യം വായിച്ച് തയ്യാറായിട്ട് വരൂ.

ശ്രീ. സി.എം. സുന്ദരം: വാർഡ് വിഭജനം സംബന്ധിച്ച് ഗവൺമെൻറിൽ ലഭിച്ചിട്ടുള്ള റിവിഷൻ ഹർജികളിൽ 14 എണ്ണം ഹൈക്കോടതികളിൽ ഒ.പി. ഫയൽ ചെയ്തിരുന്നു. അതിന് കോടതി നിർദ്ദേശപ്രകാരം സമയപരിധിക്കകത്ത് തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. അതിനുപുറമേ 20 പഞ്ചായത്തുകളിൽ വാർഡ് വിഭജനത്തെ സംബന്ധിച്ച റിവിഷൻ ഹർജികളും നേർവിചാരണ നടത്തി തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഇനി 106 റിവിഷൻ ഹർജികളിൻമേൽ തീർപ്പ് കൽപ്പിക്കാൻ ഗവൺമെൻറിന്റെ മുൻപിലുണ്ട്.

ശ്രീ. വി. ദിനകരൻ: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള വാർഡ് വിഭജനം സംബന്ധിച്ചുള്ള നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാമോ?

ശ്രീ. സി.എം. സുന്ദരം: എന്നത്തേക്ക് പൂർത്തിയാക്കാം എന്ന് പറയാൻ സാദ്ധ്യമല്ല.

ശ്രീ. എ.കെ. പത്മനാഭൻ: വാർഡ് വിഭജനം സംബന്ധിച്ച് ഏറ്റവും കൂടുതൽ പരാതികൾ ഏത് ജില്ലയിൽ നിന്നാണ് കിട്ടിയത്?

ശ്രീ. സി.എം. സുന്ദരം: ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. കെ.പി.എ. മജീദ്: ഇപ്പോൾ ഗവൺമെൻറിന്റെ മുൻപിലുള്ള അപ്പീലുകളെ സംബന്ധിച്ച് തീരുമാനം എടുക്കുന്നതിന് ഒരു സ്പെഷ്യൽ ആഫീസറെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഈ സ്പെഷ്യൽ ആഫീസറുടെ കയ്യിലുള്ള അപ്പീലുകളിൻമേൽ എത്രസമയത്തിനകം തീർപ്പ് കൽപ്പിക്കണമെന്ന് ഗവൺമെൻറ് വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കുമോ?

ശ്രീ. സി.എം. സുന്ദരം: രാഷ്ട്രീയപാർട്ടികളുടേയും എം.എൽ.എമാരുടേയും മറ്റ് പലരുടേയും പരാതികൾ കിട്ടിയിട്ടുള്ളതുകൊണ്ട് ആ പരാതികളിൻമേൽ നേർവിചാരണ നടത്തി നടപടികളെടുക്കുന്നതുകൊണ്ട് കാലതാമസം വരുന്നുണ്ട്. ഇത്ര ദിവസത്തിനകം പരാതികളിൻമേൽ തീർപ്പ് കൽപ്പിക്കണം എന്ന നിർദ്ദേശം കൊടുക്കാൻ സാദ്ധ്യമല്ലാത്ത സ്ഥിതിയാണ് ഇന്നുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: വാർഡ് വിഭജനം നടത്തുന്നത് പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിൽ തിരഞ്ഞെടുപ്പ് നടത്തണമെന്നുള്ള ഉദ്ദേശം വച്ചിട്ടാണല്ലോ. ഈ വാർഡ് വിഭജനങ്ങളിൽ ഏതെങ്കിലും പ്രത്യേക തീയതിക്കുള്ളിൽ തീർപ്പ് കൽപ്പിക്കണമെന്ന് പ്രത്യേകം ഷെഡ്യൂൾ വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഷെഡ്യൂൾ അനുസരിച്ച് എന്നത്തേക്ക് പൂർത്തിയാക്കണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്?

ശ്രീ. സി.എം. സുന്ദരം: ധാരാളം പരാതികൾ ഉണ്ട്. ഇത്ര ദിവസത്തിനകം പരാതികൾ തീർക്കണമെന്ന് നിശ്ചയിക്കാൻ സാധിക്കുകയില്ല. ഷെഡ്യൂളിൽ ഇന്ന ദിവസം തിരഞ്ഞെടുപ്പ് നടത്തണം എന്ന് പറഞ്ഞിട്ടില്ല.

ശ്രീ. ബെന്നിബഹനാൻ: വാർഡ് വിഭജനത്തിൽ ഹരിജൻ വാർഡുകളിൽ ഉള്ളതുപോലെ വനിതാ വാർഡുകളിലും ധാരാളം കൃത്രിമങ്ങൾ നടക്കുന്നുണ്ട്. കൂടുതൽ ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന വാർഡ് ഹരിജൻ വാർഡാക്കാനും കൂടുതൽ വനിതകൾ തിങ്ങിപ്പാർക്കുന്ന വാർഡുകൾ വനിതാ വാർഡുകൾ ആക്കാനും നിർദ്ദേശം കൊടുക്കുമോ; അതിന് എതിരെ വന്നിരിക്കുന്ന പരാതികളിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. സി.എം. സുന്ദരം: എല്ലാ പരാതികളും പരിശോധിച്ചു വരുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി വേണ്ടത് ചെയ്യാം.

ശ്രീ. ആർ.എസ്. ഉണ്ണി: സർ, ഈ പഞ്ചായത്ത് സമിതികളുടെ രൂപീകരണം നീണ്ടുപോകുന്നതിന്റെ ഫലമായി ഓരോ പഞ്ചായത്തിലേയും ഗതാഗതസൗകര്യങ്ങൾ, മൈനർ ഇറിഗേഷൻ തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടക്കുന്നില്ല. പഞ്ചായത്തുകളുടെ കാഷ് ബില്ലുകൾ എക്സിക്യൂട്ടീവ് ഓഫീസറും പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തിയിരിക്കുന്ന താലൂക്ക് പഞ്ചായത്താഫീസറും ചേർന്ന് ദുർവിനിയോഗം ചെയ്യുന്നു എന്നുള്ള വിവരം മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. സി.എം. സുന്ദരം: ഇപ്പോൾ പഞ്ചായത്ത് പ്രവർത്തനങ്ങളിൽ പഴയ കാലഘട്ടത്തിലെപ്പോലെതന്നെയാണ് എക്സിക്യൂട്ടീവ് ഓഫീസർമാരും സ്റ്റാഫും പ്രവർത്തിച്ചുവരുന്നത്. പഞ്ചായത്ത് പ്രസിഡണ്ടിന്റെ പ്രവർത്തനം താലൂക്ക് ഇൻസ്പെക്ടർമാരും നോക്കിവരുന്നുണ്ട്. ആ പ്രവർത്തനങ്ങളെല്ലാം കാര്യക്ഷമമായി നടക്കുന്നുണ്ട്.

ശ്രീ. പി.പി. തങ്കച്ചൻ: പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്താനുള്ള കാലതാമസം പഞ്ചായത്തുകളുടെ പുനർവിഭജനം സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കാനുള്ള കാലതാമസംകൊണ്ട് മാത്രമാണെന്ന് ബഹു മാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. വേറെ യാതൊരു തടസ്സവുമില്ല. എത്രയും വേഗം അത് പൂർത്തിയാക്കി തിരഞ്ഞെടുപ്പ് കഴിയുന്നത്ര വേഗം നടത്തണമെന്നുള്ള നിർദ്ദേശം സ്പെഷ്യലാഫീസർക്ക് കൊടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എം. സുന്ദരം: എത്രയും വേഗം തിരഞ്ഞെടുപ്പ് നടത്താൻ വേണ്ടി ആവശ്യമായ പ്രവർത്തനങ്ങളും ജാഗ്രതയോടുകൂടി നടത്തുവാൻ വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. വീണ്ടും നിർദ്ദേശങ്ങൾ നൽകുന്നതാണ്.

കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക

* 53 [94] ശ്രീ. കെ.ഇ. ഇസ്മയിൽ:
,, കെ.പി. പ്രഭാകരൻ:
,, കെ.ആർ. ചന്ദ്രമോഹനൻ:
,, പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 ജൂലായ് 31 വരെ സംസ്ഥാനത്ത് കർഷകത്തൊഴിലാളി പെൻഷൻ വകയിൽ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക സംഖ്യയെത്ര;

(ബി) ഈ കുടിശ്ശിക എന്നു കൊടുത്തു തീർക്കുമെന്നു വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 1985 ജൂലൈ മാസത്തെ പെൻഷൻ കുടിശ്ശിക ഉണ്ടായിട്ടില്ല. ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളടങ്ങുന്ന ഗഡു കൊടുത്തുതുടങ്ങുന്നത് ഒക്ടോബർ മാസത്തിലാണ്. 1985 ജൂൺമാസം 30 വരെയുള്ള പെൻഷനാണ് ഇപ്പോൾ നൽകിവരുന്നത്. 1985 ജൂൺ 30 വരെയുള്ള പെൻഷൻ കുടിശ്ശിക സഹിതം എല്ലാ അർഹതപ്പെട്ട കർഷകത്തൊഴിലാളികൾക്കും വിതരണം ചെയ്യുന്നതിനുവേണ്ടി 11,82,42,800 രൂപ ജില്ലാ ലേബർ ഓഫീസർമാർക്ക് നൽകിക്കഴിഞ്ഞു. ആയത് വിതരണം ചെയ്തുവരുന്നു.

(ബി) കുടിശ്ശിക കഴിയുന്നതും വേഗം കൊടുത്തുതീർക്കുന്നതാണ്.

ശ്രീ. കെ.ഇ. ഇസ്മയിൽ: ജൂൺമാസം വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ വകയിൽ കൊടുക്കേണ്ട തുകയായ 11 കോടി 85 ലക്ഷം രൂപ ലേബർ ഓഫീസർ മുഖേന വിതരണം ചെയ്തുവരുന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കും എന്ന് പ്രതീക്ഷിച്ചിരുന്ന ആർക്കും തന്നെ നാളിതുവരെ ആ സംഖ്യ കിട്ടിയിട്ടില്ല. എത്ര കാലാവധിക്കകത്ത് ആ തുക അവരുടെ കയ്യിൽ കിട്ടും എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: ഉദ്ദേശം രണ്ടാഴ്ചയ്ക്കകം കൊടുത്തുതീർക്കാൻ കഴിയും.

ശ്രീ. കെ.ഇ. ഇസ്മയിൽ: ഇപ്പോൾ കർഷകത്തൊഴിലാളി പെൻഷൻ ഓരോ വർഷവും 60 വയസ്സ് പൂർത്തിയാകുന്ന കർഷകത്തൊഴിലാളികൾക്ക് കൊടുക്കുന്ന സമ്പ്രദായമാണ്. അതിനനുസരിച്ച് അപേക്ഷ സ്വീകരിക്കുന്നുണ്ട്. ഇപ്പോഴത്തെ വരുമാനപരിധി ഉയർന്നതാണ്. അതു കുറയ്ക്കണം എന്നൊരു ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഈ വരുമാനപരിധി കുറച്ച് ഓരോ വർഷവും 60 വയസ്സ് പൂർത്തിയാകുന്ന

LIBRARY ARCHIVES Kerala Legislative Assembly